(ഇ) പ്രസ്തുത പദ്ധതി ആരംഭിച്ചത് എപ്പോഴാണ്;

(എഫ്) ചിപ്സ് പദ്ധതിപ്രകാരം അണുബാധ നിയന്ത്രണത്തിനും ശുചീകരണത്തിനുമായി നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) 2011 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അണുബാധമൂലം മരണം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) അണുബാധമൂലം ഗർഭിണികൾ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) അണുബാധ കാരണമായി കുഞ്ഞുങ്ങൾ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി-എഫ്) സർക്കാർ ആശുപത്രികളിലെ അണുബാധ നിയന്ത്രണവും ശുചീകരണവും ഉറപ്പാക്കുന്നതിനായി ചിപ്സ് എന്ന പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി 5-2-2015-ലെ സ.ഉ.(ആർറ്റി.) നമ്പർ 537/2015/ആ.ക.വ. പ്രകാരം നൽകിയിട്ടുണ്ട്. ഇതിനായി തുക 2014-15-ൽ വകയിരുത്തിയിട്ടില്ല.

മലിനീകരണ നിയന്ത്രണ ബോർഡ് പമ്പയിൽ നടത്തിയ പരിശോധന

5 (2473) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡ് ശബരിമലയിലെ മലിനീകരണവുമായി ബന്ധപ്പെട്ട് പമ്പയിൽ നടത്തിയ പരിശോധനയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കുളിവെള്ളത്തിലും കുടിവെള്ളത്തിലും കോളിഫോം ബാക്ടീരിയയുടെ അനുവദനീയമായ അളവ് എത്ര വീതമാണെന്നും പുതിയ പരിശോധനയിൽ അത് എത്ര വീതമാണെന്നും വെളിപ്പെടുത്താമോ;

(സി) പമ്പയിലെയും അനുബന്ധ ജലാശയത്തിലെയും ഇപ്പോഴത്തെ കോളിഫോം ബാക്ടീരിയയുടെ അളവ് പരിശോധിക്കുന്നതിനും ജനങ്ങൾക്ക് അതുസംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പമ്പാ നദിയിൽ നിലവിലുള്ള (4-12-2015 തീയതിയിലെ) കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 3500 മുതൽ 150000 വരെയാണ്. (മുകളിൽ കൊച്ചു പമ്പ മുതൽ താഴെ ആറാട്ട് കടവിന് താഴെവരെ) കളിക്കുവാൻ ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അഭികാമ്യമായ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 500 വരെയാണ്. ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അങ്ങേയറ്റം അനുവദിക്കാവുന്ന പരിധി 100 മില്ലി ലിറ്ററിൽ 2500 ആണ്. കോളിഫോം ബാക്ടീരിയയുടെ അളവ് അഭികാമ്യമായ പരിധിക്ക് 300 മടങ്ങുവരെ കണ്ടിട്ടുണ്ട്. അണുനശീകരണം മാത്രം നടത്തി കടിവെള്ളമായി ഉപയോഗിക്കാവുന്ന ജലത്തിൽ അനുവദനീയമായ ടോട്ടൽ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലി ലിറ്റർ വെള്ളത്തിൽ 50 എണ്ണം വരെയാണ്. പമ്പയിൽ, കൊച്ചുപമ്പ ഭാഗത്തുനിന്നും എടുക്കുന്ന ജലം അണുനശീകരണം മാത്രം നടത്തിയാണ് കടിവെള്ളത്തിനായി വിതരണം ചെയ്യുന്നത്. കോളിഫോം ബാക്ടീരിയയുടെ അളവ് സീസൺ ആരംഭ സമയത്ത് കടിവെള്ള സ്രോതസ്സായ കൊച്ചുപമ്പയിൽ 40000 വരെ ആയിരുന്നത് ശക്തമായ നടപടികൾമൂലം 3500 വരെയായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് അനുവദനീയമായ പരിധിയിൽ നിന്നും 70 മടങ്ങ് കൂടുതലാണ്.

(സി) പമ്പയിലെയും അനുബന്ധ ജലാശയത്തിലെയും കോളിഫോം ബാക്ടീരിയയുടെ അളവ് നവംബർ മാസം മുതൽ എല്ലാ ദിവസവും പരിശോധിക്കുന്നുണ്ട്. മണ്ഡല മകര വിളക്ക് കാലം തീരുന്നതുവരെ ഇത് തുടരുകയും ചെയ്യും. പമ്പയിലെ മരാമത്തു കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ഓഫീസിൽ ദിവസേനയുള്ള പരിശോധനാ ഫലം പ്രദർശിപ്പിക്കുന്നുണ്ട്.

ഡെന്റൽ കോളേജുകൾ

6 (2474) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly